**സബ്മിഷൻ**

(1) ഓൺലൈൻ വായ്പാ തട്ടിപ്പ്

ശ്രീ. വി. ജോയി: സർ, അങ്ങ് കഴിഞ്ഞ ദിവസം, ഓൺലൈൻ റമ്മിയുമായി ബന്ധപ്പെട്ട സബ്മിഷനുള്ള മറുപടിയിൽ അതുമായി ബന്ധപ്പെട്ട് കർശന നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ അതിനേക്കാൾ ഭയാനകമായ ഒരു സ്ഥിതിയാണ് ഓൺലൈൻ വായ്പാ തട്ടിപ്പിന്റെ കാര്യത്തിൽ നടക്കുന്നത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ അതുവഴിയുള്ള തട്ടിപ്പും ഓരോ ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ച്, എല്ലാവർക്കും മൊബൈൽ ഫോണുള്ള സ്ഥിതിയാണുള്ളത്. ഒരുവീട്ടിൽത്തന്നെ അഞ്ചും ആറും ഏഴും മൊബൈൽ ഫോണുകളുണ്ട്. ഈ മൊബൈൽ ഫോണുകൾവഴി നടക്കുന്ന ഒരു പ്രധാന തട്ടിപ്പാണ് ഓൺലൈൻ വായ്പാ തട്ടിപ്പ്. മൊബൈൽ ഫോണുകളിൽ വരുന്ന ഒരു എസ്.എം.എസ്. ആണ് ഇതിനാധാരം. ആ എസ്.എം.എസ്.-ന്റെ മോഡൽ ഇങ്ങനെയാണ്. Your rupees 60,000 Cash loan has been approved. Please withdraw cash within 24 hours.

ഇങ്ങനെയാണ് ആ മെസേജ് വരുന്നത്.  എന്നിട്ട് ഇതിനുതാഴെ ഒരു ലിങ്ക് നൽകിയിരിക്കുകയും എന്നിട്ട് ആ ലിങ്കിൽ ക്ലിക്ക് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യും. ആ ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ ഒരു 'ആപ്പ്' ഡൗൺലോഡാകും. ആ ആപ്പ് ഡൗൺലോഡായാൽ, നമ്മുടെ ഫോണിലുള്ള ഫോട്ടോകളും മറ്റ് പ്രധാനപ്പെട്ട വിവരങ്ങളുമെല്ലാം ഈ ആപ്പിലേയ്ക്ക് മാറുന്ന സംവിധാനമാണുള്ളത്. ഇത് മാറിയെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടാൽ bargaining ആരംഭിക്കുകയാണ്.  ആദ്യം രണ്ടായിരം, മൂവായിരം രൂപയിൽ തുടങ്ങുന്ന ചെറിയ തുകയാണ് ആവശ്യപ്പെടുന്നത്. ഒരു വലിയ തുക കിട്ടുമെന്നുള്ളതുകൊണ്ട് ഉപഭോക്താക്കൾ അങ്ങോട്ട് ആദ്യമേ പണം കൊടുക്കുകയാണ്. പക്ഷെ, ഒരു പരിധികഴിയുമ്പോൾ പണം അങ്ങോട്ട് കൊടുത്തുകൊണ്ടിരുന്നില്ലെങ്കിൽ അവരെ ഭീഷണിപ്പെടുത്തുകയാണ്. ഭീഷണിപ്പെടുത്തുകമാത്രമല്ല, സ്ത്രീകളാണെങ്കിൽ, അവരുടെ ഫോട്ടോയിലെ തല വെട്ടിമാറ്റി, നഗ്ന ചിത്രത്തിൽ ആ ഫോട്ടോ എഡിറ്റ് ചെയ്ത്, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമെല്ലാം അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. പലരും ഈ കാര്യം പുറത്തുപറയാറില്ല, വളരെ വേദനയോടെ സഹിച്ചുപോകുന്ന ഒരു സാഹചര്യമുണ്ട്, ചിലരെല്ലാം ആത്മഹത്യ

ചെയ്യുന്നതിനായി ഞരമ്പറുത്ത സംഭവങ്ങൾപോലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതൊരു ഭാഗത്ത്. രണ്ടാമത്, കേരളത്തെ സംബന്ധിച്ച് സഹകരണ ബാങ്കുകളുടെ പേരിലും ഈ കെണിയൊരുക്കി വരികയാണ്. അയ്യായിരം രൂപ മുതൽ ഇരുപത്തിയെണ്ണായിരംരൂപവരെ ജാമ്യമില്ലാതെ ഞൊടിയിടയിൽ വായ്പ നൽകാമെന്ന് എസ്.എം.എസ്. സന്ദേശം അയച്ചുകൊണ്ട് നടത്തുന്നതാണ് ഇത്തരം തട്ടിപ്പുകൾ. ഇതിന്റെ ഭാഗമായി വയനാട്, മാനന്തവാടി കാർഷിക സഹകരണ ബാങ്കിന്റെ പേരിലാണ് ഇതുമായി ബന്ധപ്പെട്ട അവസാന തട്ടിപ്പ് നടന്നിരിക്കുന്നത്. സൈബർ സെക്യൂരിറ്റി വിംഗിൽനിന്നും ലഭിച്ച വിവരമനുസരിച്ച്, പ്രതിദിനം ഇത്തരത്തിലുള്ള രണ്ടുലക്ഷം എസ്.എം.എസ്. എങ്കിലും മൊബൈൽ ഫോണുകളിൽ ലഭിക്കുന്നുവെന്നുള്ളതാണ്. ഈ പ്രശ്നം വളരെ ഗുരുതരമായ ഒന്നാണ്, ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ സഹായത്തോടെ അറിയിപ്പ് നൽകാനുള്ള സംവിധാനത്തെപ്പറ്റി അന്വേഷിക്കേണ്ടതുണ്ട്. രണ്ടാമത്, പോലീസിൽനിന്നുള്ള വോയ്സ് മെസേജ്, ബോധവൽക്കരണത്തിന്റെ ഭാഗമായി നൽകാൻ കഴിയുമോയെന്ന് അറിയണം. ഇതുമായി ബന്ധപ്പെട്ട് നിയമ നടപടികളെന്തെങ്കിലും സ്വീകരിക്കാൻ കഴിയുമോയെന്നും

അറിയേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാമൂഹികമായി വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. ഇതിൽ രണ്ട് ഭാഗങ്ങളുണ്ട്, ഒന്ന് നമുക്കെല്ലാം ഇന്നത്തെ സമൂഹത്തിൽ ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നാണ് മൊബൈൽ ഫോൺ. ആ മൊബൈൽ ഫോണുമായി ബന്ധപ്പെട്ട് വിവിധ രീതിയിൽ നടക്കുന്ന ചതിക്കുഴികൾ. അത് പൂർണ്ണമായി മനസ്സിലാക്കത്തക്ക ബോധവൽക്കരണം അടിയന്തരമായി നടത്തേണ്ടതുണ്ടെന്നാണ് ഈ സംഭവങ്ങളെല്ലാം തെളിയിക്കുന്നത്. ഒരുപാട് ആളുകൾ വലിയതോതിൽ തട്ടിപ്പിനിരയാകുന്നുണ്ട്. മറ്റൊന്ന്, നമ്മുടെ സമൂഹത്തിന്റെ ഒരു പ്രത്യേകത, വായ്പ എവിടെനിന്നെല്ലാം കിട്ടുമോ അവിടെനിന്നെല്ലാം വാങ്ങാമെന്നൊരു നില പലരും സ്വീകരിക്കാറുണ്ട്. അത്തരം മാനസികാവസ്ഥയുള്ളവരെ എളുപ്പത്തിൽ വായ്പാ വാഗ്ദത്തത്തിലൂടെ വഞ്ചിക്കാൻ കഴിയും. ഇതെങ്ങനെ പ്രാവർത്തികമാക്കുന്നുവെന്നതാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഓൺലൈൻ ആപ്പുകൾവഴി വായ്പയെടുത്ത് ചതിക്കുഴിയിൽപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതെയും മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായും മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇതിനുപിന്നിലെന്ന സൂചനകളാണ് പോലീസിന് ലഭിച്ചിട്ടുള്ളത്. മണി ലെൻഡിംഗ് ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്ന ഉപഭോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ ശേഖരിച്ചശേഷം, അത് എങ്ങനെയാണ് ലഭ്യമാകുന്നതെന്ന് അദ്ദേഹമിവിടെ പറയുകയുണ്ടായി. 30 ശതമാനത്തോളം തുക പ്രോസസ്സിംഗ് ഫീസായി ഈടാക്കി, ഒരാഴ്ച കാലാവധിക്ക് ചെറിയ തുകകൾ വായ്പയായി നൽകും. തിരിച്ചടവിൽ വീഴ്ച വന്നാൽ നിരന്തരം ഭീഷണിപ്പെടുത്തുകയും അപകീർത്തികരമായ സന്ദേശങ്ങളയച്ച് ഉപഭോക്താവിനെ മാനസിക സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന രീതിയാണ് വായ്പാകമ്പനികൾ അവലംബിച്ചുവരുന്നത്. ഇത്തരം തട്ടിപ്പുകേസ്സുകളിൽ ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ അന്വേഷണവും നിയമ നടപടികളും ഉറപ്പുവരുത്തുന്നതിനായി പത്തൊൻപത് സൈബർ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ഓൺലൈൻ വായ്പാ തട്ടിപ്പുകേസ്സുകളുടെ കുറ്റാന്വേഷണങ്ങളിൽ

സഹായിക്കാൻ പ്രത്യേകം പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഹൈടെക് എൻക്വയറി സെല്ലും പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഓൺലൈൻ വായ്പാ തട്ടിപ്പ് സംഘങ്ങളുടെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ സംസ്ഥാന പോലീസിന്റെ സോഷ്യൽ മീഡിയാ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി എന്നിവയിലൂടെ ആവശ്യമായ ബോധവൽക്കരണവും നടത്തിവരികയാണ്.

(2) <u>പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കാണ് എഴുതിക്കൊടുത്തത്. ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന് സഭയിൽ വരാൻ സാധിച്ചിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി പറയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അനുമതി, കൂട്ടുത്തരവാദിത്തമുള്ളതിനാൽ അദ്ദേഹത്തിന് മറുപടി നൽകാൻ കഴിയും. പക്ഷെ, കാര്യംകൂടി ചെയ്തുതരണമെന്ന് പ്രത്യേകമായി ഓർമ്മിപ്പിക്കുകയാണ്. ഇവിടെ ഏറ്റവും വലിയൊരു നീതിരഹിതമായ നടപടി നടക്കുന്നുണ്ട്.

എം.എൽ.എ.-മാർക്കുള്ള ഏര്യാ ഡെവലപ്മെന്റ് ഫണ്ടിൽനിന്നും തുക അനുവദിക്കാറുണ്ട്, അതിലേയ്ക്കുള്ള എല്ലാ ഫോർമാലിറ്റിയും പൂർത്തിയാക്കി ജില്ലാ കളക്ടർക്ക് കൈമാറി അവിടെനിന്നും എ.എസ്.-ഉം ടി.എസ്.-ഉം കിട്ടി എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ ഇങ്ങനെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ പന്ത്രണ്ട് വർക്കുകൾക്കുള്ള പണം എൽ.എസ്.ജി.ഡി. നൽകിയിട്ടില്ല. കൂടാതെ പണി പൂർത്തിയാക്കി ബിൽ സബ്മിറ്റ് ചെയ്ത നാല് വർക്കുകൾക്കും പണം അനുവദിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും എന്നാൽ തുക LSGD-ൽ ഡെപ്പോസിറ്റ് ചെയ്തിട്ടില്ലാത്തതുമായ മൂന്ന് വർക്കുകളാണ് വേറൊരു ലിസ്റ്റിലുള്ളത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു വർഷം കൊണ്ട് ചെയ്തുതീർക്കേണ്ട പത്തൊമ്പത് വർക്കുകൾ ഇതുവരെ തൊട്ടിട്ടില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ ഇക്കാര്യത്തെക്കുറിച്ച് വ്യക്തിപരമായി സംസാരിച്ചിരുന്നു. അദ്ദേഹം വളരെ പോസിറ്റീവായിട്ടുള്ള നിലപാടാണ് സ്വീകരിച്ചത്. പക്ഷേ ഇതിലൊരു മാറ്റം ഉണ്ടാകുന്നില്ല. അതാണ് പ്രധാനപ്പെട്ട പ്രശ്നം. പി.ഡബ്ല്യൂ.ഡി.-യിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. പക്ഷേ

തുക ലഭിക്കാതെ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥന് എന്തുചെയ്യാൻ കഴിയും? തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട വർക്കുകളിൽ LSGD തുക ഡെപ്പോസിറ്റ് ചെയ്തില്ല. അതുകൊണ്ട് വർക്കുകളെല്ലാം ഹോൾഡ് ചെയ്ത് പോകുകയാണ്. ഇക്കാരണത്താൽ വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നില്ല. ഏഴുകോടിയോളം രൂപയുടെ വർക്കുകൾ മുടങ്ങികിടക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ പത്തൊമ്പത് വർക്കുകളാണ് വിവിധ ഘട്ടങ്ങളിലായി പൂർത്തിയാകാതെ നിൽക്കുന്നത്. പലതവണ കത്ത് നൽകിയിട്ടും യാതൊരു പുരോഗതിയും ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ലായെന്നതും ഡിപ്പാർട്ട്മെന്റിന്റെ ഒരു മെല്ലെപ്പോക്കായാണ് ഞാൻ കാണുന്നത്. ഭരണാനുമതി ലഭിച്ചതും എന്നാൽ LSGD തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ലാത്തതുമായ വർക്കുകൾ കഴിയുന്നത്രവേഗം പൂർത്തിയാക്കണം. ഒരു വർഷക്കാലംകൊണ്ട് പൂർത്തീകരിക്കുന്നതിനു വേണ്ടിയാണ് ഗവൺമെന്റിന്റെ പോലും ഇന്റൻഷൻ. അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള തീവ്ര യത്നത്തിലാണ് ഞങ്ങൾ നിൽക്കുന്നത്. ഞാൻ ചില എം.എൽ.എ.-മാരോട് സംസാരിച്ചപ്പോൾ അവർക്കും ഇതേ അനുഭവം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയുകയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് എല്ലാ ഫോർമാലിറ്റിയും പൂർത്തിയാക്കി കറക്ടായി മുന്നോട്ടുപോകുന്ന, LSGD തുക കെട്ടിവയ്ക്കാത്തതുകൊണ്ട് വിത്ത്ഹോൾഡ് ചെയ്തിരിക്കുന്ന പത്തൊമ്പത് വർക്കുകൾക്ക് അനുമതി നൽകുന്നതിനുവേണ്ടി അടിയന്തരമായ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷൻ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ എം.എൽ.എ.-എ.ഡി.എഫ്.-ന്റെ (Asset Development Fund) വർക്കുമായി ബന്ധപ്പെട്ടുള്ളതാണ്. പതിനെട്ടോളം വർക്കുകളാണ് ഇതുപ്രകാരം ഏറ്റെടുത്തിരിക്കുന്നത്. ആ പ്രവൃത്തികളിൽ ചില ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ലെവലിൽ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി അദ്ദേഹം ചൂണ്ടികാണിച്ച നാല് വർക്കുകളുടെ തുക ഇപ്പോൾതന്നെ

അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി അവശേഷിക്കുന്ന ബില്ലുകളുടെ ന്യൂനതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ ന്യൂനതകൾ എത്രയും പെട്ടെന്ന് പരിഹരിച്ച് പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും. ചില ബില്ലുകളിലുള്ള ന്യൂനതകൾ പരിഹരിക്കാൻ വേണ്ടിയുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പെട്ടെന്ന് പരിഹരിച്ച് പ്രവൃത്തികൾ ചെയ്തുതീർക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ആകെ പതിനെട്ട് വർക്കാണുള്ളത്. അതിൽ നാലുവർക്കുകളുടെ തുക അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള വർക്കുകളുടെ ന്യൂനതകൾ പരിഹരിച്ച് എത്രയുംവേഗം പ്രവൃത്തികൾ ചെയ്തുതീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) നിയമപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നിയമവ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞത ശിക്ഷിക്കപ്പെടാതിരിക്കാൻ ഒരു കാരണമല്ലായെന്ന നിയമതത്ത്വം നിലവിലുള്ള രാജ്യമാണ് നമ്മുടേത്. നിയമസഭയിലും പാർലമെന്റിലും പാസ്സാക്കുന്ന നിയമം ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ

എല്ലാപേർക്കുമറിയാമെന്നാണ് സങ്കൽപ്പം. നിയമരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പുറമെ പൊതുജനത്തിനും സാമാന്യ നിയമവ്യവസ്ഥകൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. Rule of law ശരിയായി നടപ്പാക്കുന്ന സമൂഹമാണ് മാതൃകാസമൂഹമായി കരുതേണ്ടത്. അതിന് പൊതുജനങ്ങളിൽ നിയമവ്യവസ്ഥയെ സംബന്ധിച്ച സാമാന്യമായ അറിവ് ലഭിക്കേണ്ടത് അത്യാവശ്യമാണ്. പൊതുജനത്തിന് നിയമപരിജ്ഞാനം നൽകാൻ ധാരാളം ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അതൊന്നും ഫലപ്രദമാകുന്നില്ല. ദുർബ്ബല വിഭാഗങ്ങളെ സഹായിക്കുവാൻ കെൽപ്പുള്ള ധാരാളം നിയമങ്ങൾ നമ്മുടെ നാട്ടിൽ നിലവിലുണ്ടെങ്കിലും അവർക്കെതിരെയുള്ള അതിക്രമങ്ങൾ ധാരാളം നടക്കുന്നുണ്ട്. അത്തരം അതിക്രമങ്ങളെ ചെറുക്കാൻ ആവശ്യമായ നിയമബോധം അവർക്കുണ്ടാകണം. അതിന് പൊതുനിയമ അവബോധമുണ്ടാക്കുകയെന്നത് മാത്രമേ മാർഗ്ഗമുള്ളൂ. Public Legal Education എന്നത് പല രാജ്യങ്ങളിലും നടപ്പാക്കി വരുന്ന പദ്ധതിയാണ്. എന്നാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്ന നിയമപഠനത്തിന് Law related education എന്നാണ് പറയുന്നത്. സ്കൂൾ തലത്തിൽ 8-ാം ക്ലാസ്സ് മുതൽ വിദ്യാർത്ഥികൾക്ക് നിയമപരിജ്ഞാനം

പകർന്നുനൽകാൻ കഴിയണം. ഉദാഹരണമായി പോക്സോ ആക്ട് 19-ാം വകുപ്പ് പ്രകാരം ഏതെങ്കിലും കുട്ടി ഇരയാകാൻ ഇടയായാൽ സെക്ഷൻ 97, സെക്ഷൻ 20 എന്നിവ പ്രകാരമുള്ള പരിരക്ഷ ലഭിക്കുമെന്ന് കുട്ടിക്ക് അറിവ് ഉണ്ടാകണം. അതുപോലെ ആക്സിഡന്റ് ഉണ്ടായാൽ ചെയ്യേണ്ട കാര്യങ്ങൾ, പൊതുമുതൽ നശിപ്പിച്ചാലുണ്ടാകുന്ന ശിക്ഷ, സർക്കാർ ഉദ്യോഗസ്ഥരുടെ തൊഴിൽ തടസ്സപ്പെടുത്തിയാൽ ഉണ്ടാകുന്ന ശിക്ഷ, കൈക്കൂലി നൽകുന്നത്, സ്ത്രീധനം വാങ്ങുന്നത്, മയക്കുമരുന്ന് ഉപയോഗിക്കുന്നതോ കൈവശം വയ്ക്കുന്നതോ തുടങ്ങിയ അനവധി വിഷയങ്ങൾ സംബന്ധിച്ച് അടിസ്ഥാന നിയമപരിജ്ഞാനം +2 കഴിയുമ്പോഴേക്കും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ കഴിയണം. അങ്ങനെ നിയമബോധമുള്ളൊരു തലമുറയെ വാർത്തെടുക്കുന്നതിന് ഹൈസ്കൂൾതലം മുതൽ നിയമപഠനം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭരണഘടനാ മൂല്യങ്ങൾ കുട്ടികളിൽ വികസിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഭരണഘടനയുടെ ആമുഖം, മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ, നിർദ്ദേശക തത്വങ്ങൾ എന്നിവ നിലവിൽ സ്കൂൾ പാഠ്യപദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച വിവരങ്ങൾ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സംരക്ഷിക്കുന്നതിനുവേണ്ടി രൂപീകൃതമായ വിവിധ നിയമങ്ങൾക്ക് പാഠ്യപദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ സ്വാഗതാർഹമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഭരണഘടനാപരമായ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ച് കുട്ടികളെ കൂടുതൽ ബോധവാന്മാരാക്കുന്നതിനും ഉത്തമ പൗരന്മാരായി വളർന്നുവരാൻ അവരെ സഹായിക്കുന്നതിനുംവേണ്ടി നിയമപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. മയക്കുമരുന്നിന്റെ ഉപയോഗം, പരിസര മലിനീകരണം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള നിയമങ്ങൾ, സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങൾ, ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെയും കുട്ടികളുടെയും പ്രതീക്ഷകളും ആഗ്രഹങ്ങളും നിർദ്ദേശങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സമാഹരിക്കുന്നതിനാവശ്യമായ ജനകീയ

ചർച്ചകൾ ആഗസ്റ്റ് 21-ന് തുടങ്ങുകയാണ്. നിയമപഠനം അടക്കമുള്ള കാര്യങ്ങൾ പാഠ്യപദ്ധതിയിലും പാഠപുസ്തകത്തിലും ഉൾപ്പെടുത്തുന്ന കാര്യം പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ ആലോചിക്കുമെന്നും അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾകൂടി നമുക്ക് ആലോചിക്കുന്നതിൽ ബുദ്ധിമുട്ടില്ലായെന്നുള്ള വിവരം അങ്ങയെ അറിയിക്കുകയാണ്.

(4) ആംബുലൻസ് സർവ്വീസുകൾക്കുള്ള മാർഗ്ഗരേഖ

ശ്രീ. സജി ചെറിയാൻ: സർ, കേരള സംസ്ഥാനത്ത് സർക്കാർ-സ്വകാര്യ ആശുപത്രികളും സ്വകാര്യ വ്യക്തികളും സംഘടനകളും ഇന്ന് വ്യാപകമായി ആംബുലൻസ് സർവ്വീസ് നടത്തുന്നു. സ്വകാര്യ ആംബുലൻസുകൾ വിവിധ തരത്തിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തിയതിനുശേഷം പല നിരക്കുകളാണ് ഈടാക്കുന്നത്. നിരക്കുകളെ സംബന്ധിച്ച് ഏകീകരണമില്ല. ആളുകളുടെ ആവശ്യകത വല്ലാതെ ചൂഷണം ചെയ്യുകയാണ്. അതോടൊപ്പംതന്നെ നിരത്തുകളിലൂടെ ആംബുലൻസുകൾ സഞ്ചരിക്കുമ്പോൾ യഥാർത്ഥത്തിൽ അടിയന്തര സാഹചര്യങ്ങൾക്കുവേണ്ടിയാണോ സഞ്ചരിക്കുന്നതെന്ന് സംശയിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ഇതുപറയാൻ കാരണം ആതുരസേവനത്തിന്റെ

മറവിൽ വ്യാപകമായ ദുർവിനിയോഗം ചെയ്യുന്നുണ്ടെന്ന് ഒരുപാട് ആക്ഷേപങ്ങൾ അടുത്തകാലത്ത് ഉയർന്നുവന്നിട്ടുണ്ട്. അതിൽ മയക്കുമരുന്ന് കടത്തുന്നതായി ചില ആരോപണങ്ങൾ വരുന്നുണ്ട്. ക്രിമിനലുകൾ കൊലപാതകമടക്കം നടത്താൻവേണ്ടി ആംബുലൻസുകൾ ഉപയോഗിക്കുന്നുയെന്നുള്ള വാർത്തകൾ പുറത്തുവരുന്നു. ഇത്തരം സന്ദർഭത്തിൽ ആംബുലൻസുകൾ ശരിയായ നിലയിലാണോ പോകുന്നത് എന്നതുസംബന്ധിച്ച് പരിശോധന വേണ്ടത്ര നിലയിലില്ല. ഇത് മനസ്സിലാക്കാൻ പോലീസ് ഉദ്യോഗസ്ഥർക്കോ ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർക്കോ നിലവിലെ നിയമ സാഹചര്യങ്ങളനുസരിച്ച് ഇടപെടാൻ കഴിയുന്നില്ല. ആംബുലൻസ് ഡ്രൈവർമാർ പലപ്പോഴും അപക്വമായിട്ടാണ് പെരുമാറുന്നത്. മാത്രമല്ല അമിത ചാർജ് വാങ്ങുകയും ഉടമയ്ക്ക് കൊടുക്കാതിരിക്കുന്നതുമായ ഒരുപാട് പരാതികൾ ഇതുസംബന്ധിച്ച് പുറത്തുവരുന്നുണ്ട്. ഗുരുതരമായ രോഗം ബാധിച്ച നൂറുകണക്കിന് രോഗികളെ അടിയന്തരമായി ആശുപത്രികളിൽ എത്തിക്കേണ്ട സന്ദർഭങ്ങളിലും അപകടം നേരിട്ടവരെ ആശുപത്രികളിൽ എത്തിക്കേണ്ട സാഹചര്യത്തിലും മൃതദേഹങ്ങൾ വീടുകളിൽ എത്തിക്കേണ്ട സമയങ്ങളിലും പക്വതയോടുകൂടി

പെരുമാറുന്ന കാര്യത്തിലും ചില പോരായ്മകൾ ചൂണ്ടികാണിക്കാൻ ഉദ്ദേശിക്കുന്നു. ഈ സാഹചര്യങ്ങൾ മനസ്സിലാക്കി ആംബുലൻസ് സർവ്വീസുകൾക്ക് ഒരു പ്രവർത്തന മാർഗ്ഗരേഖ നിശ്ചയിക്കണമെന്നുള്ളതാണ് പ്രധാനമായും ഞാൻ ഉന്നയിക്കുന്നത്. അതിനാൽ സ്വകാര്യ-സർക്കാർ ആംബുലൻസുകൾക്ക് ജി.പി.എസ്. അധിഷ്ഠിതമായ വി.എൽ.ടി.ഡി. (Vehicle Location Tracking Device) നിർബന്ധമാക്കുന്നതും നിരക്കുകൾ ഏകീകരിക്കുന്നതും ഡ്രൈവർമാർക്ക് പെരുമാറ്റചട്ടം ഏർപ്പെടുത്തുന്നതും ബോധവൽക്കരണം അടക്കമുള്ള മറ്റു സംവിധാനങ്ങൾ നിർബന്ധമാക്കുന്ന കാര്യത്തിൽ ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോയെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. സജി ചെറിയാൻ നമ്മുടെ സംസ്ഥാനത്താകെയുള്ള പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ആംബുലൻസുകളുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് സംസ്ഥാനത്തൊട്ടാകെ ഇന്ന് ഉയർന്നുവന്നിരിക്കുന്നത്. രക്ഷാദൗത്യങ്ങളുടെ

ഭാഗമായി ആരോഗ്യമേഖലയിലെ പ്രധാന കണ്ണിയായി പ്രവർത്തിക്കുന്ന സേവന വിഭാഗമാണ് സംസ്ഥാനത്തെ ആംബുലൻസ് സർവ്വീസ്. എന്നാൽ സംസ്ഥാനത്തെ ആംബുലൻസുകൾക്ക് ഏകീകൃത വാടക നിരക്കില്ലാതെ പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി പരാതികൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിനെത്തുടർന്ന് ഇക്കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഈ രംഗത്തെ നിയമലംഘനം തടയുന്നതിനും നിയന്ത്രണം കൊണ്ടുവരുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഐ.എം.എ. പ്രതിനിധികൾ, ആംബുലൻസ് സംഘടനാ പ്രതിനിധികൾ, ആംബുലൻസ് ഓണേഴ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുടെ യോഗം ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02-11-2021-ൽ ചേരുകയും ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. ആംബുലൻസുകൾക്ക് ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) അധിഷ്ഠിത വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് നിർബന്ധമാക്കി സുരക്ഷാമിത്ര സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അഡ്വാൻസ് ലൈഫ്

സപ്പോർട്ട് ആംബുലൻസ്, ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസ്, ട്രാൻസ്പോർട്ട് ആംബുലൻസ് എന്നീ മൂന്ന് തരത്തിലുള്ള ആംബുലൻസുകളാണ് ഇപ്പോൾ ഉപയോഗിക്കപ്പെടുന്നത്. ഇത്തരം വാഹനങ്ങൾക്ക് പ്രത്യേക നിറം, ബോർഡിൽ എഴുതാവുന്ന കാര്യങ്ങൾ, ലൈറ്റുകൾ, ഹോൺ, സൈറൺ, ടെലി ഫെസിലിറ്റി തുടങ്ങിയവ സംബന്ധിച്ച് പൊതുവായ മാർഗ്ഗരേഖ തയ്യാറാക്കുവാൻ ഗതാഗത കമ്മീഷണറെ അന്നത്തെ യോഗത്തിൽ ചുമതലപ്പെടുത്തുകയുണ്ടായി. മികച്ച ബോധവൽക്കരണം ആംബുലൻസ് ഡ്രൈവർമാർക്കിടയിൽ നടത്തിയാൽ സമൂഹം പ്രതീക്ഷിക്കുന്ന പക്വതയാർന്ന പെരുമാറ്റം ലഭിക്കും. ഇവർക്ക് വർഷത്തിലൊരിക്കൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതുണ്ട്. ആംബുലൻസ് ഡ്രൈവർമാരുടെ പേര് റസ്ക്യൂ പൈലറ്റ്/റസ്ക്യൂ ക്യാപ്റ്റൻ എന്ന് മാറ്റാനുള്ള നടപടി സ്വീകരിച്ചാൽ അവരുടെ പ്രൊഫഷന്റെ ഗൗരവം വർദ്ധിക്കുമെന്ന് കാണുന്നു. കൂടാതെ ഡ്രൈവർമാർക്ക് വർഷത്തിലൊരിക്കൽ ഐ.എം.എ.-യുടെയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് പ്രത്യേക നിറമുള്ള ജാക്കറ്റ് യൂണിഫോമായി ധരിക്കുന്നത്

അനുവദിക്കാനും ബാഡ്ജ് ധരിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള അഭ്യർത്ഥന ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. അതിന് ട്രാൻസ്പോർട്ട് കമ്മീഷണറെ നടപടി സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ആംബുലൻസുകൾ അമിത ചാർജ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഏകീകൃത വാടക നിശ്ചയിക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് തന്നെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

(5) ഗോശ്രീ പാലങ്ങളും റോഡുകളും ഏറ്റെടുക്കൽ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലമായ വൈപ്പിൻ മണ്ഡലത്തിന്റെ ഭാഗമായിട്ടുള്ള വൈപ്പിൻകരയുടെ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച സുപ്രധാന ചുവടുവയ്പായിരുന്നു ഗോശ്രീ വികസന അതോറിറ്റിയുടെ രൂപീകരണവും ഗ്രോശ്രീ പാലങ്ങളുടെ നിർമ്മാണവും. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഡി.പി. വേൾഡ്, എൽ.എൻ.ജി.

പെട്രോനെറ്റ് ഉൾപ്പെടെയുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളുടെ കടന്നുവരവിന് ഗോശ്രീ പാലങ്ങൾക്ക് സുപ്രധാനമായ പങ്കാണുള്ളത്. വൈപ്പിൻകരക്കാരുടെ പുറം ലോകത്തേയ്ക്കുള്ള പ്രധാന മാർഗ്ഗമായ ഗോശ്രീ പാലങ്ങൾ മൂന്ന് പാലങ്ങൾ ഉൾപ്പെട്ടതാണ്. കണ്ടെയ്നർ ഉൾപ്പെടെ നിരവധി ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്ന ഈ പാലങ്ങൾ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ട് 18 വർഷം പൂർത്തിയായിരിക്കുകയാണ്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഭാരമേറിയ നൂറുകണക്കിന് കണ്ടെയ്നർ ലോറികളും ബസ്സുകളും മറ്റ് വാഹനങ്ങളും ദിനംപ്രതി കടന്നുപോകുന്ന ഈ പാലങ്ങളുടെ പരിപാലനം ഇന്നും എഞ്ചിനീയറിംഗ് വിഭാഗമില്ലാത്ത ജിഡ-യുടെ കൈവശം തന്നെയാണ്. അതുകൊണ്ടുതന്നെ ഈ പാലങ്ങളുടെ ബലക്ഷമത പരിശോധനയും അറ്റകുറ്റപ്പണികളും മറ്റും സമയബന്ധിതമായി ചെയ്യുവാൻ സാധിക്കാറില്ല. പാലങ്ങളുടെ കൈവരികൾ തകർന്നിരിക്കുന്നതിനാലും ഗർത്തങ്ങളും കേടുപാടുകളും രൂപപ്പെട്ടിട്ടുള്ളതിനാലും ജനങ്ങളുടെ ജീവന് ഭീഷണി നേരിടുന്നതിനാൽ പ്രതിഷേധങ്ങൾക്ക് വഴി വച്ചിരിക്കുകയാണ്. ജിഡ-യുടെ കഴിഞ്ഞ ജനറൽ കൗൺസിൽ ഈ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ

തീരുമാനമെടുത്തിട്ടുള്ളതും ഇതുസംബന്ധിച്ച ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലിരിക്കുന്നതുമാണ്. നാം വിഭാവന ചെയ്യുന്ന തിരുവനന്തപുരം-കാസർഗോഡ് തീരദേശ റോഡ് യാഥാർത്ഥ്യമാകുമ്പോൾ ഫോർട്ട് കൊച്ചിയും വൈപ്പിനും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമോ എലിവേറ്റഡ് ഹൈവേയോ കൂടി വരുമ്പോൾ എറണാകുളം നഗരത്തിലേയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഷോർട്ട് കട്ട് കൊച്ചിയേക്കാൾ വൈപ്പിനിൽ നിന്നുള്ളതായിരിക്കും. മാത്രമല്ല, കൊച്ചി നഗരം അന്താരാഷ്ട്ര പ്രശസ്തിയുള്ള മഹാനഗരമായി ഉയർത്തുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ സ്വപ്നവും അതുതന്നെയാണ്. ആയതിനാൽ ഗോശ്രീ പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണമെന്നാണ്

ബഹുമാനപ്പെട്ട വൈപ്പിൻ അംഗം ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പ്രസ്തുത പാലങ്ങൾ ജിഡ-യുടെ കീഴിലാണ് ഇപ്പോൾ പരിപാലനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചിരുന്നു. ജിഡ സെക്രട്ടറി ആവശ്യപ്പെട്ടതിനനുസരിച്ച് പാലങ്ങളുടെ കുഴികൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. അറ്റകുറ്റപ്പണിയും ഉപരിതലം പുതുക്കിയും അത് നിർവ്വഹിക്കപ്പെടണമെന്ന് ജിഡ ആവശ്യപ്പെടുന്നുണ്ട്. നിയമാനുസൃതമായി ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്താമെന്ന് ജിഡയെ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് വകുപ്പുകളുടെയോ ആസ്തി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടില്ല. അദ്ദേഹം ഇവിടെ പറഞ്ഞതൊരു വിഷയമാണ്. അത് ഏത് വകുപ്പിന്റേതായാലും കണ്ടെയ്നർ ലോറി പോലുള്ള വലിയ വാഹനങ്ങളുടെ ഭാരം നമ്മുടെ റോഡുകൾക്ക് താങ്ങാൻ കഴിയാത്ത കുറെ പ്രശ്നങ്ങളുണ്ട്. അത് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ളതാണ്. റോഡുകൾക്ക് അല്പമൊരാശ്വാസം ലഭിച്ചത് കോവിഡ് കാലഘട്ടത്തിലാണ്. കാരണം വാഹനങ്ങൾ റോഡിലൂടെ ഓടിയില്ല. ആ ഒരു വർഷം അല്പം ആശ്വാസം

കിട്ടിയിട്ടുണ്ട്. മികച്ച ഗുണനിലവാരത്തിൽ റോഡുകൾ നിർമ്മിക്കുകയും പ്രോപ്പർ ഡ്രെയിനേജ് സംവിധാനമില്ലാതിരിക്കുകയും ചെയ്യുന്ന കാലത്തോളം ഈ പ്രശ്നം നമ്മൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. പക്ഷേ ഇവിടെ അദ്ദേഹം പറഞ്ഞിട്ടുള്ള പ്രശ്നം, പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം ജിഡയുടേത് മാത്രമല്ല. കേരളത്തിലെ രണ്ടേമുക്കാൽ ലക്ഷം കിലോമീറ്റർ വരുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മാറ്റിക്കഴിഞ്ഞാൽ ഏകദേശം രണ്ടേകാൽ ലക്ഷത്തോളം കിലോമീറ്റർ റോഡുകൾ മറ്റ് വകുപ്പുകളുടേതാണ്. ഈ റോഡുകളിൽ മഹാഭൂരിപക്ഷവും പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും ആവശ്യപ്പെടാറുണ്ട്. അത് നല്ല കാര്യമാണ്. പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ ഒരു കാര്യമാണ്. പി.ഡബ്ല്യു.ഡി.-യിൽ വിശ്വാസമർപ്പിക്കുന്ന, പി.ഡബ്ല്യു.ഡി.-യുടെ പ്രവൃത്തിയിൽ ക്രെഡിബിലിറ്റി അംഗീകരിക്കുക എന്നുള്ളതുമാണ്. പക്ഷേ പൊതുമരാമത്ത് വകുപ്പിന്റെ ഭൂരിപക്ഷം റോഡുകളല്ല, 100 ശതമാനം റോഡുകളും ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള നെട്ടോട്ടത്തിലാണ് വകുപ്പ്. മുപ്പതിനായിരത്തോളം കിലോമീറ്റർ റോഡുകളിൽ മഹാഭൂരിപക്ഷവും

നല്ലനിലയിലുള്ള റോഡുകളാണ്. അത് 100 ശതമാനവും പെർഫെക്ട് ആക്കുക എന്നുള്ളതാണ് ഇപ്പോഴുള്ള ഉത്തരവാദിത്വം. അതിന് ബി.എം & ബി.സി. പോലുള്ള ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താൻ, വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള പ്രവർത്തനങ്ങൾ പരമാവധി വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ മറ്റ് വകുപ്പുകളുടെ റോഡ് ഏറ്റെടുക്കുക എന്നുള്ളത് പ്രയാസമുള്ള കാര്യമാണെന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(6) പീപ്പിൾ അഫക്റ്റഡ് പ്രോജക്ട്

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം എരഞ്ഞിമാവ് മുതൽ എടവണ്ണവരെയും അരീക്കോട് സൗത്ത് പുത്തലം മുതൽ മഞ്ചേരി നെല്ലിപ്പറമ്പ് വരെയുമുള്ള 186 കോടി രൂപയുടെ ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ടി.പി.-യ്ക്കാണ് ഇതിന്റെ നിർമ്മാണച്ചുമതല. 80 ശതമാനം പണി പൂർത്തീകരിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ 2021 ജൂലൈ മാസം ഒരു കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ 12-08-2021-ന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും എം.എൽ.എ.-യുടെയും മീറ്റിംഗ് വിളിച്ചുചേർത്തു. ആ മീറ്റിംഗിൽ എടുത്ത തീരുമാനം നടപ്പിലാക്കാൻ ഒരുപാട് പ്രയാസങ്ങളുണ്ടായപ്പോൾ പിന്നീട് 11-03-2022-ന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ടീം ലീഡർ, M/s. Eagen Orion & Contractor ഇവരൊക്കെ അടക്കമുള്ള ഒരു മീറ്റിംഗ് വിളിച്ചു. 20 ശതമാനം പണി മാത്രമേ പൂർത്തീകരിക്കാനുള്ളൂ. റോഡിന്റെ ഇരുവശം, അതായത് ഏറനാട് മണ്ഡലത്തിന്റെ ഹൃദയഭാഗമായ അരീക്കോട് ടൗണിലെ 20-25 ലക്ഷം രൂപ ഒരു സെന്റിന് വരുന്ന സ്ഥലം ഒന്നരമീറ്റർ സൗജന്യമായി സ്ഥലമുടമകൾ വിട്ടുതന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും വ്യാപാരി വ്യവസായികളും സ്ഥലമുടമകളൊക്കെയായി രണ്ടര കിലോമീറ്ററാണ് റോഡിന്റെ ഇരുവശം ഒന്നരമീറ്റർ സ്ഥലം സൗജന്യമായി നൽകിയത്. അതിന് വേൾഡ് ബാങ്കിന്റെ പി.എ.പി. സ്കീമിൽ മതിൽ, ഗേറ്റ് എന്നിവ പൊളിച്ചാൽ കെട്ടിക്കൊടുക്കുമെന്ന് പറയുന്നുണ്ട്. ഭൂമി സൗജന്യമായി വിട്ടുകൊടുത്തതാണ്. അവിടെ ഫുട്പാത്തിന്റെ പ്രവൃത്തിയൊക്കെ നടന്നു. റോഡ് വീതി കൂട്ടുകയും

ചെയ്തു. പക്ഷേ ഇന്നുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല. ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കൂടിയ മീറ്റിംഗിലെടുത്ത തീരുമാനം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കുകയില്ല. കരാറുകാരനോട് പറഞ്ഞാൽ, എനിക്ക് വ്യക്തമായ ഒരു ഉത്തരവ് കിട്ടാതെ ഇതിന്റെ മെഷർമെന്റ് കിട്ടുകയില്ല, അതുകൊണ്ട് ചെയ്യാൻ പറ്റുകയില്ലെന്നാണ് പറയുന്നത്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം വളരെ പോസിറ്റീവായി എടുത്തു. പ്രോജക്ട് ഡയറക്ടർക്ക് കത്തുകൊടുത്താൽ അതിന്മേൽ ഒരു തീരുമാനമെടുക്കുകയില്ല. പി.ഡബ്ല്യു.ഡി. സെക്രട്ടറിക്ക് കത്ത് കൊടുത്തപ്പോൾ അദ്ദേഹം പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ടു, മന്ത്രി അടിയന്തരമായി ചെയ്യാമെന്ന് പറഞ്ഞുവെന്നാണ്. ഈ സബ്മിഷൻ കൊടുത്തപ്പോൾ അവർ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടാകും. ഇപ്പോൾ ഓർഡർ കൊടുത്തിട്ടുണ്ട്. ആ ഓർഡറിൽ എന്താണ് പറയുന്നത്. പി.എ.പി. സ്കീം എവിടെ ചെയ്യണം, എങ്ങനെ ചെയ്യണം, ഇതിന്റെ എസ്റ്റിമേറ്റ് കൊടുത്തോ എന്നിങ്ങനെയാണ്. പുന്നാര മിനിസ്റ്ററെ, ഒന്നിനും ഒരു ക്ലാരിറ്റിയുമില്ല. എന്നാലും കോഴിയെ അയയിൽ ഇട്ടമാതിരി ഇങ്ങനെ

അങ്ങോട്ടുമിങ്ങോട്ടും ഒന്നുമില്ലാത്ത മാതിരി നിൽക്കുകയാണ്. നല്ലൊരു പദ്ധതിയാണിത്. ഒരു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതിയാണ് ഉദ്യോഗസ്ഥരുടെ അനാസ്ഥ കൊണ്ട് പൂർത്തീകരിക്കാതിരിക്കുന്നത്. ഇത് ഗൗരവമായ വിഷയമാണ്. ഇതിൽ ഒരുപാട് വിഷയമുണ്ട്. ഒന്നാമത് കെ.എസ്.ടി.പി.-യാണ്. ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ ഒരു മീറ്റിംഗിന്റെ മിനിട്ട്സാണിത് (പേപ്പർ ഉയർത്തിക്കാട്ടി). മിനിട്ട്സ് താഴെത്തട്ടിലേയ്ക്ക് കൊടുത്തു, എന്നാൽ അതിൽ ഒപ്പില്ല. ഒരു ഒപ്പെങ്കിലും വേണ്ടേ; ഡിജിറ്റൽ ആണെങ്കിൽ അതെങ്കിലും വേണ്ടേ; അതും ഇതിലില്ല. മുൻകാലങ്ങളിൽ റോഡ് വീതി കൂട്ടുമ്പോൾ, പഴയകാലത്തുണ്ടാക്കിയ വീടായിരിക്കും, ആ വീടിന്റെ കോമ്പൗണ്ട് വാളിനോ എന്തെങ്കിലും തകരാറുണ്ടായാൽ അത് അടിയന്തരമായി പരിഹരിക്കും. അത് ചെയ്തുകഴിഞ്ഞാൽ അടിയന്തരമായി അത് പൊളിക്കാൻവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ പറയുകയാണ്. ഇയാൾക്ക് ആരാണ് അധികാരം കൊടുത്തത്; ഇവിടെയിപ്പോൾ ഒരു ബിൽഡിംഗുണ്ടെന്ന് കരുതുക. അതിനടുത്ത് ഒരു മതിലുമുണ്ട്, റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ആ മതിൽ പൊളിച്ചാൽ ഒരു മാനുഷിക

പരിഗണന നൽകണ്ടേ; നമ്മൾ ജനപ്രതിനിധികളല്ലേ; ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു ശാശ്വതപരിഹാരം കാണണം. അങ്ങ്, ഒരുപാട് വിഷനും ആശയങ്ങളും ഒരുപാട് കാര്യങ്ങളും നടപ്പിലാക്കാൻ വേണ്ടി വെമ്പൽ കൊള്ളുന്ന ഒരു വ്യക്തിയാണ്. അതുകൊണ്ട് ഇതിലൊരു തീരുമാനമെടുത്ത് ബന്ധപ്പെട്ട മന്ത്രി ഇതിന് മുൻകൈ എടുത്ത് ഒരു മീറ്റിംഗ് വിളിച്ച് ഈ പ്രശ്നം പരിഹരിച്ച് രണ്ടുമാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിച്ച് നമുക്ക് ഒരു ഉദ്ഘാടനത്തിന് അവസരമുണ്ടാക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രസക്തമായൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട ഏറനാട് അംഗം ശ്രീ. പി. കെ. ബഷീർ ഇവിടെ പറഞ്ഞത്. ഇക്കാര്യത്തിൽ ഒന്നുരണ്ട് തവണ നേരിട്ടും അല്ലാതെയും ഇടപെട്ടതാണ്. എരഞ്ഞിമാവ് റോഡ് നവീകരണം അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടൊരു വിഷയമാണ്. റോഡ് നവീകരണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകിയവർക്ക് ചുറ്റുമതിലും ഗെയിറ്റും പുനർനിർമ്മിച്ച് നൽകണമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്.

ഇത് പി.എ.പി. (People Affected Project)-ൽ വരുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം (ഭൂമി ആയാലും കെട്ടിടമായാലും ഓഫീസായാലും മറ്റ് പ്രശ്നങ്ങളായാലുമൊക്കെ) നികത്തപ്പെടണമെന്നുള്ളതാണ് പി.എ.പി.-യുടെ പ്രത്യേകത. അത് പുനർനിർമ്മിച്ച് നൽകണം. അങ്ങനെ പരിശോധിക്കപ്പെടുമ്പോൾ അദ്ദേഹം പറഞ്ഞത് വളരെ ന്യായമാണ്. ഇതിന്റെ എസ്റ്റിമേറ്റ് അതോറിറ്റി എഞ്ചിനീയർ നൽകിയിരുന്നുവെങ്കിലും ഇ.പി.സി. (Engineering Procurement and Construction) കോൺട്രാക്ട് പ്രകാരം ചെയ്യേണ്ട അളവുകൾകൂടി ഉൾപ്പെട്ടതിനാൽ അതിൽ മാറ്റംവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിസൈൻ മുതൽ അതിന്റെ അവസാന പ്രവൃത്തിയുടെ അവസാന അറ്റംവരെയുള്ള എല്ലാ കാര്യങ്ങളും കരാറുകാരൻതന്നെ കോ-ഓർഡിനേറ്റ് ചെയ്യണം എന്നതാണ് ഇ.പി.സി. കോൺട്രാക്ടിന്റെ പ്രത്യേകത. മറ്റ് വർക്കുകളിൽനിന്നും ഇ.പി.സി. വ്യത്യസ്തമാകാനുള്ള കാരണവും അതാണ്. സാധാരണ സ്വകാര്യ മേഖലയിലാണ് ഇ.പി.സി. വ്യാപകമായി നടക്കാറുള്ളത്. എൻ.എച്ച്.എ.ഐ.-യുടെ ചില പ്രവൃത്തികളിലും ഇ.പി.സി. വരാറുണ്ട്. ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ ഇതിനകത്തുണ്ട്. പക്ഷെ, അദ്ദേഹം

ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. ഈ പ്രവൃത്തി സമയബന്ധിതമായി നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് കെ.എസ്.റ്റി.പി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, പുന്നാര അംഗം പറഞ്ഞതുപോലെ ഒരു യോഗം ഇതുമായി ബന്ധപ്പെട്ട് വിളിച്ചുചേർക്കാവുന്നതാണ്.

(7) പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം

ശ്രീ. അനൂപ് ജേക്കബ്: സർ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുന്ന റോഡുകളിലൊന്നാണ് പിറവം നിയോജകമണ്ഡലത്തിലെ പിറവം-പെരുവാമൂഴി റോഡ്. പ്രസ്തുത വർക്കിന്റെ ഡി.പി.ആർ.-ൽ വന്നിരിക്കുന്ന അപാകതകളാണ് അവിടെ ഉണ്ടായിരിക്കുന്നൊരു വിഷയം. ഇത് കെ.എസ്.റ്റി.പി.-യുടെ വർക്കാണ്. റീബിൽഡ് കേരള പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒന്നാണിത്. ഡി.പി.ആർ.-ൽ, റോഡിൽ വെള്ളം കയറാത്ത സ്ഥലങ്ങളിൽ കോൺക്രീറ്റ് ചെയ്യാനും വെള്ളം കയറുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് ഉയർത്താതിരിക്കുന്നൊരു സാഹചര്യവും വന്നിരിക്കുന്നു. ചില കലുങ്കുകളുടെ വീതിയും നീളവും അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് ക്രമീകരിക്കാൻ

കഴിയാത്ത നില വന്നിരിക്കുന്നു. റോഡിന്റെ ലെവൽ ഒരേ രീതിയിൽ വരേണ്ടതുണ്ട്. എന്നാൽ ഇതിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ റോഡ് ലെവൽ ഒരേ രീതിയിൽ വരാത്ത സാഹചര്യം വരുന്നു. ഇതിന്റെയൊക്കെ പ്രധാനപ്പെട്ട വിഷയം ഡി.പി.ആർ.-ൽ വന്നിരിക്കുന്ന അപാകതകളാണ്. ഇത് 2018-ൽ എടുത്ത ഡി.പി.ആർ. ആണ്. പ്രാദേശികമായ വിഷയങ്ങൾ എന്താണെന്ന് മനസ്സിലാക്കാതെ, അവിടത്തെ ജനപ്രതിനിധികളുമായിട്ടുപോലും ചർച്ച ചെയ്യാതെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ വന്നവർ അവരുടെ യുക്തിക്കനുസൃതമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അനുമതിയും ടെണ്ടറുമായിരിക്കുന്നത്. ഈ പ്രോജക്ടിന് ജർമ്മൻ ബാങ്കിന്റെ എയ്ഡുണ്ട് എന്നതിനാൽ ഇനി ഡി.പി.ആർ.-ൽ മാറ്റങ്ങൾ വരുത്താൻ സാധിക്കുകയില്ലെന്നാണ് കെ.എസ്.റ്റി.പി. ഉദ്യോഗസ്ഥർ നൽകുന്ന മറുപടി. ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, ഇതിന്റെ ഡി.പി.ആർ. പൂർണ്ണമായും പൊളിച്ചെഴുതാൻ ഇനി സാധിക്കുകയില്ലെന്ന കാര്യമാണ്. എങ്കിൽപ്പോലും പ്രായോഗികമായ സമീപനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കണം. ഇതുസംബന്ധിച്ച്

നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പരാതികളുണ്ട്. പ്രസ്തുത പരാതികൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അങ്ങയുടെ ഓഫീസിൽത്തന്നെ ഇതുമായി ബന്ധപ്പെട്ട് ഞാൻ രണ്ടോമൂന്നോ കത്തുകൾ നൽകിയിട്ടുണ്ട്. അവിടെ ചില പ്രായോഗികമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അത്തരം അനിവാര്യമായ മാറ്റങ്ങൾ കൊണ്ടുവരുവാനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അങ്ങ് അതിന് നിർദ്ദേശം നൽകണം. എന്നാൽ അതിന്റെ പേരിൽ വർക്ക് ഡിലേ ആകാനും പാടില്ല. അതും അങ്ങ് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഈ വർക്ക് അനന്തമായി നീട്ടികൊണ്ടുപോകാൻ കഴിയുന്ന ഒന്നല്ല. വർക്ക് സമയബന്ധിതമായി പൂർത്തിയാക്കാനും ഡി.പി.ആർ.-ൽ വന്നിരിക്കുന്ന വിഷയങ്ങൾ പരിഹരിക്കുവാനുമുള്ള സാഹചര്യങ്ങളുണ്ടാകണം. അതോടൊപ്പംതന്നെ ഭാവിയിൽ ഇതുപോലുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഗ്രൗണ്ട് റിയാലിറ്റി എന്താണെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കാനുള്ള കർശന നിർദ്ദേശവും നൽകണമെന്ന കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയവും കെ.എസ്.റ്റി.പി. പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. കെ.എസ്.റ്റി.പി. പ്രവൃത്തിയുടെ പ്രത്യേകതകൾ നമുക്കറിയാവുന്നതാണ്. അതിന് മറ്റ് സഹായങ്ങളുണ്ട്. അതുപോലെ ഒരുപാട് നിബന്ധനകളുമുണ്ട്. ആ നിലയിൽ മറ്റ് പ്രവൃത്തികളിൽനിന്നും ഏറെ വ്യത്യസ്തവുമാണ്.

പെരുവാമൂഴി-പിറവം റോഡിന്റെ നിർമ്മാണത്തെ സംബന്ധിച്ചുള്ള ഈ സബ്മിഷനിൽ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ അദ്ദേഹം ഇവിടെ പറഞ്ഞിട്ടുണ്ട്. അത് വളരെ ശരിയാണ്. 2018-ൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വന്നതാണ്. ഇതുസംബന്ധിച്ച് ജനപ്രതിനിധികളോടും അവിടത്തെ വിവിധ രാഷ്ട്രീയ പാർട്ടികളോടുമൊക്കെ ചർച്ച നടത്തി കാര്യങ്ങൾ കുറേക്കൂടി പ്രാക്ടിക്കലായി പോകണമെന്നുള്ള അഭിപ്രായം നേരത്തെതന്നെ കെ.എസ്.റ്റി.പി.-യെ അറിയിച്ചതാണ്. ഈ പ്രവൃത്തിയിൽ മാത്രമല്ല, പൊതുവെ കെ.എസ്.റ്റി.പി.-യുടെ പ്രവൃത്തികൾ സംബന്ധിച്ചാണ് പറഞ്ഞത്. ചിലയിടങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടുന്ന

എന്നതാണ് പരാതി. ഇക്കാര്യം പരിശോധിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. Construction Supervision Consultant, Project Management Team വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി സ്ഥലം സന്ദർശനം നടത്തി അപാകതകൾ പരിഹരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇത് കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും നിർമ്മാണ പ്രവർത്തനത്തിൽ കൃത്യമായ കാര്യങ്ങൾ ഉറപ്പുവരുത്താനും കെ.എസ്.റ്റി.പി.-യുടെ പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്താമെന്ന് ബഹുമാനപ്പെട്ട സഭയെയും അംഗത്തെയും അറിയിക്കുകയാണ്.

(8) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ ജനങ്ങൾ ഏറെ നാളുകളായി ആഗ്രഹിക്കുന്ന മൂന്ന് ആർ.ഒ.ബി. (Railway Over Bridge)-കളാണ് വാത്തുരുത്തി, വടുതല, അറ്റ്ലാന്റിസ് എന്നിവ. പക്ഷെ, ഒച്ചിഴയും വേഗത്തിലാണ് ഇപ്പോഴും അതിന്റെ പ്രവർത്തനങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. 2016-17-ലാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പാലങ്ങളുടെ ബഡ്ജറ്റ് പ്രൊവിഷൻവച്ച് കാര്യങ്ങൾ മുന്നോട്ടുപോയത്. പടിഞ്ഞാറൻ കൊച്ചിയിലെ

പതിനായിരക്കണക്കിന് ആളുകൾ ജോലിക്കായും വിദ്യാഭ്യാസത്തിനായും മറ്റിതര ആവശ്യങ്ങൾക്കായും നഗരത്തിലെത്താൻ ആശ്രയിക്കുന്നൊരു പ്രധാന മാർഗ്ഗമാണ് വാതുരുത്തി റെയിൽവേ മേൽപ്പാലം. പക്ഷെ, എറണാകുളം ജില്ലയിലെ വാതുരുത്തി മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10.07.2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും RBDCK-യെ (Roads and Bridges Development Corporation of Kerala Limited) എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി, ഇൻഡ്യൻ റെയിൽവേ, ദേശീയപാത എന്നിവരുടെ നിയന്ത്രണത്തിലാണ്. കൂടാതെ പദ്ധതി പ്രദേശം നേവൽ എയർപോർട്ടിന് സമീപവുമാണ്. ആയതിനാൽ ഇൻഡ്യൻ നേവിയിൽനിന്നും പദ്ധതിയുടെ നിർമ്മാണത്തിന് എൻ.ഒ.സി. ലഭിക്കേണ്ടതുണ്ട്. പദ്ധതിയുടെ അലൈൻമെന്റിന്റെ അംഗീകാരത്തിനുവേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ തലത്തിൽ പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി എന്നിവരുമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. വിവിധതരം

അലൈൻമെന്റുകൾ പരിശോധിച്ചെങ്കിലും കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി എന്നിവരുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വടുതല ആർ.ഒ.ബി. വടുതല, ചിറ്റൂർ, ചേരാനെല്ലൂർ, വരാപ്പുഴ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നഗരത്തിലേയ്ക്ക് വരുന്നതിനുള്ള പ്രധാന ആക്സസാണ്. കിഫ്ബി 27.07.2017-ൽ 47.76 കോടി രൂപ പ്രോജക്ട് കോസ്റ്റായി അംഗീകരിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് റിക്വിസിഷനും നൽകി. 23.08.2017-ന് റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങൾക്കനുസൃതമായി റെയിൽവേ അപ്രൂവലും നൽകി. ഇതുവരെ അതിന്റെ നടപടികൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ കഴിയാത്തൊരു സാഹചര്യത്തിലാണ് നിൽക്കുന്നത്. അതുമായി ബന്ധപ്പെട്ട് ആദ്യഘട്ട സ്ഥലവില നിർണ്ണയം, കെട്ടിടത്തിന്റെ വിലനിർണ്ണയം, ആർ.ആർ. പാക്കേജ്, 91 പ്രഖ്യാപനം എന്നിവ പൂർത്തീകരിച്ച് സ്ഥലം അടിയന്തരമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ആ വിഷയത്തിലും അടിയന്തരമായി ശ്രദ്ധയുണ്ടാകണം. അതുപോലെത്തന്നെയാണ് അറ്റ്ലാന്റിസ് ആർ.ഒ.ബി.-യുടെ കാര്യവും. അറ്റ്ലാന്റിസ് ആർ.ഒ.ബി. സംബന്ധിച്ച് കോർപ്പറേഷൻ റിക്വിസിഷൻ ഏജൻസിയായി JnNURM-ൽ ഉൾപ്പെടുത്തിയൊരു

പദ്ധതിയായിരുന്നു. പക്ഷെ, പിന്നീട് RBDCK-യെ നിർവ്വഹണ ഏജൻസിയായി മാറ്റുകയും അതുമായി ബന്ധപ്പെട്ട് കോർപ്പറേഷന് അന്നത്തെ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകി ഏകദേശം 1.01 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള സ്ഥലം ഏറ്റെടുത്ത് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി RBDCK-യും മുന്നോട്ട് പോകുന്നുണ്ടെങ്കിലും ഭൂമി ഏറ്റെടുത്ത് അതിന്റെ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. ഈ മൂന്ന് ആർ.ഒ.ബി.കളും (വാതുരുത്തി, അറ്റ്ലാന്റിസ്, വടുതല) നഗരത്തിലെ പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും അടിയന്തരമാണ് എന്നുള്ളതുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ സഹായങ്ങൾ ചെയ്ത് നടപടി പൂർത്തീകരിക്കാൻ തയ്യാറാകുമോ എന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് ഇവിടെ പറഞ്ഞ മൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ

ആർ.ഒ.ബി.കളുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിലും പൊതുവെ കേരളം ചർച്ച ചെയ്യുകയും പരിഹാരം കാണണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന വിഷയമാണ്. ഇന്ത്യയിൽ റെയിൽവേ ട്രാക്കുകളുടെ നീളം പരിശോധിച്ചാൽ ലെവൽ ക്രോസ്സുകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. നമ്മുടെ ജനകീയമായ ആവശ്യത്തിന്റെ വിജയം കൂടിയാണത്. പല സംസ്ഥാനങ്ങളിലും ലെവൽക്രോസ്സ് ഇല്ലാത്തതുകാരണം ഉണ്ടാകുന്ന അപകടങ്ങൾ നമുക്കറിയാം. ഇന്ന് ലെവൽക്രോസ്സുകളിൽ മണിക്കൂറുകളോളം ആളുകൾ വാഹനവുമായി കാത്തുനിൽക്കുന്ന സ്ഥിതിയാണുള്ളത്. ഇതിന് പരിഹാരം കാണാൻ എൽ.ഡി.എഫ്. സർക്കാർ ലെവൽക്രോസ്സുകളില്ലാത്ത കേരളമെന്നുള്ളത് നടപ്പിലാക്കാൻ ഏറ്റവും വേഗത്തിൽ ഈ ഒരു വർഷം പോയിട്ടുണ്ടെന്നുള്ളത് പ്രത്യേകം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എറണാകുളം ജില്ലയിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വടുതല, വാത്തുരുത്തി, അറ്റ് ലാന്റിസ്, റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ പറഞ്ഞത്. ലെവൽക്രോസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ഭാഗത്ത് റെയിൽവേ ഉണ്ട്. റെയിൽവേയുടെ ജി.എ.ഡി. ഇതിനായി ആവശ്യമുണ്ട്.

ഒരു പദ്ധതിയുടെ എല്ലാ കാര്യങ്ങളും അലൈമെന്റായാലും ഡ്രോയിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളുടെ വിശദവിവരങ്ങൾക്ക് റെയിൽവേ അംഗീകാരം വേണം. ആ ഭാഗത്ത് അത് വളരെ മെല്ലെയാണ് പോകുന്നതെന്നത് ഒരു വസ്തുതയാണ്. ആ വിവരം റെയിൽവേയെ അറിയിച്ചിട്ടുമുണ്ട്. വടുതല, വാത്തുരുത്തി, അറ്റ് ലാന്റിസ്, അതിൽ കേരളത്തിൽ ആകെയുള്ള മൂന്ന് മേൽപ്പാലങ്ങളും കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്നവയാണ്. വടുതലയ്ക്കായി 47 കോടി 72 ലക്ഷം രൂപയും അറ്റ് ലാന്റിസിനായി 89 കോടി 77 ലക്ഷത്തി നാൽപ്പതിനായിരം രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളിലും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. വടുതല മേൽപ്പാലത്തിന്റെ സർവ്വേ, സബ്-ഡിവിഷൻ, ആർ.ആർ. പാക്കേജ് തയ്യാറാക്കൽ, വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കൽ, കെട്ടിട വാല്യുവേഷനുള്ള റിപ്പോർട്ട് എന്നീ ജോലികൾ പുരോഗമിക്കുകയാണ്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജി.എ.ഡി.ക്ക് റെയിൽവേ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നുള്ളത് ആ പദ്ധതിയെ സംബന്ധിച്ചിടത്തോളം ഗുണകരമാണ്. അറ്റ് ലാന്റിസ് റെയിൽവേ

മേൽപ്പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. സബ്-ഡിവിഷൻ സർവ്വേ, ബി.വി.ആർ. പ്രിപ്പറേഷൻ, പ്രീ-വാല്യുവേഷൻ തുടങ്ങിയ നടപടികൾ പുരോഗമിക്കുകയാണ്. നേരത്തെ കൊച്ചിൻ കോർപ്പറേഷൻ ഏറ്റെടുത്ത ഭൂമി കൈമാറുന്നതിനുള്ള പ്രമേയവും കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ജി.എ.ഡി. റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങളോടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിരിക്കുകയാണ്, അതിന്റെ സമയപ്രശ്നമാണ്. മൂന്നാമത്തേത് വാത്തുരുത്തി മേൽപ്പാലമാണ് അതിനാവശ്യമായ ഭൂമി ദേശീയപാത, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എന്നിവയുടെ നിയന്ത്രണത്തിലാണ്. പദ്ധതി പ്രദേശം നേവി എയർപോർട്ടിനു സമീപമായതിനാൽ നേവിയുടെ എൻ.ഒ.സി.യും ആവശ്യമാണ്. ഭൂമി വിട്ടുകിട്ടുന്നതിനും നേവിയുടെ എൻ.ഒ.സി. ലഭിക്കുന്നതിനുംവേണ്ടിയുള്ള പരിശ്രമം തുടരുകയാണ്. കേന്ദ്ര സർക്കാരിൽ ഇതുമായി ബന്ധപ്പെട്ട് സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഇക്കാര്യത്തിൽ അംഗം ഇവിടെ വിഷയം ഉന്നയിച്ച സ്ഥിതിക്ക് തുടർനടപടിക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെത്തന്നെ നേരിട്ട് ചുമതലപ്പെടുത്തുന്നുവെന്നുള്ളത്

അറിയിക്കുകയാണ്.

(9) <u>കണ്ണൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കണ്ണൂർ ജില്ലയിലെ ആസ്ഥാന കേന്ദ്രമായ കണ്ണൂരിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയുടെ പ്രധാനപ്പെട്ടൊരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ അടുത്ത കാലത്താണ് കാത്ത് ലാബ് ഉദ്ഘാടനം ചെയ്തത്. അവിടെ ഇതിനകം തന്നെ നിരവധി സങ്കീർണ്ണമായ ഹൃദയ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുകയുണ്ടായി. ഹൃദയാഘാതമേറ്റ് സങ്കീർണ്ണമായ, മരണത്തെ മുഖാമുഖം കണ്ട പത്ത് ആളുകളെയും 124 പേരെ മറ്റു നിലയിലും രക്ഷപ്പെടുത്താൻ കഴിഞ്ഞു. കിഫ്ബിയിൽ നിന്നും 8 കോടി രൂപ, ജില്ലാ പഞ്ചായത്തിന്റെ 10 ലക്ഷം രൂപ, ജില്ലാ ആശുപത്രി ഫണ്ടിൽ നിന്നും ബാക്കി തുക എന്നിവ ഉപയോഗിച്ച് കാത്ത് ലാബ് നിർമ്മിച്ചതുകൊണ്ടാണ് ഇതെല്ലാം ചെയ്യാൻ സാധിച്ചത്. കഴിഞ്ഞ മാസം ജൂലൈ 26-നാണ് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി നേരിൽ വന്ന് ആ ലാബ് ഉദ്ഘാടനം ചെയ്തത്. സർക്കാർ മെഡിക്കൽ കോളേജിലോ, സ്വകാര്യമെഡിക്കൽ കോളേജിലോ ഉപയോഗിക്കുന്നതിനേക്കാൾ ആധുനിക ലാബാണ്

ഉദ്ഘാടനം ചെയ്ത കാത്ത് ലാബെന്നാണ് പ്രഖ്യാപിക്കപ്പെട്ടത്. എന്നാൽ അതിന് ആവശ്യമായ സൗകര്യങ്ങൾ ജീവനക്കാരുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കാർഡിയോളജി, നെഫ്രോളജി എന്നീ മേഖലകളിൽ ജീവനക്കാരുടെ തസ്തിക, പ്രത്യേകിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിശ്ചയിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചാൽ മാത്രമേ അതിന്റെ ഗുണകരമായ നേട്ടങ്ങൾ സാധാരണക്കാർക്ക് ലഭ്യമാകുയെന്നതാണ് ഇതിന്റെ പ്രത്യേകത. അതുകൊണ്ട് ആശുപത്രിയിലെ കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിൽ തസ്തികകൾ, അവിടെ ഇപ്പോൾ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ്, അഡീഷണൽ ചാർജ്ജുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. അവർക്ക് സ്ഥലംമാറ്റം വരികയാണെങ്കിൽ ലാബിന്റെ പ്രവർത്തനം സ്തംഭിച്ച് പോകും. ആധുനികമായ സൗകര്യങ്ങൾ ലഭ്യമായ കാത്ത് ലാബിന്റെ പ്രവർത്തനക്ഷമതയും ഗുണകരമായി അത് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ ജീവനക്കാരേയും അതുപോലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരേയും ഈ മേഖലയിൽ നിശ്ചയിച്ചുകൊണ്ട് കാത്ത് ലാബിന്റെ പ്രവർത്തനക്ഷമത കൂടുതൽ ജനക്ഷേമകരമായി മാറ്റിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഇത് നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയും ഞാനും സന്ദർശിച്ചതാണ്, കാര്യങ്ങൾ വിശദീകരിച്ചു, അതൊടൊപ്പം സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടത്തിന്റെ പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്. ഈ രണ്ടു കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധക്ഷണിക്കാനാണ് ഞാൻ ഈ സബ്മിഷനിലൂടെ ആഗ്രഹിക്കുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഒ.പി. 2400 -ഉം ഐ.പി. 400-ഉം ആണ്. സൂപ്രണ്ടും, ഡെപ്യൂട്ടി സൂപ്രണ്ടും അടക്കം 59 ഡോക്ടർമാർ ഉൾപ്പെടെ മൊത്തം 513 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകൾ ഉണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം വഴി 42, ആർ.എസ്.ബി.വൈ വഴി 70, എച്ച്.എം.സി. 42, കരാർ അഡ്ഹോക് 14, വർക്കിംഗ് അറേഞ്ച്മെന്റ്, മറ്റുള്ളവ 28, എന്നിങ്ങനെ മൊത്തം 196 താൽക്കാലിക ജീവനക്കാരുടേത് ഉൾപ്പെടെ 709 ജീവക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയാണ് കണ്ണൂർ ജില്ലാ ആശുപത്രി. ഞാൻ ബഹുമാന്യനായ എം.എൽ.എ.ക്കൊപ്പം രണ്ടുമൂന്നു തവണ അവിടെ സന്ദർശനം നടത്തിയിരുന്നു. കഴിഞ്ഞ മാസമാണ് അവിടെ ആധുനിക

കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. 17 ഡിപ്പാർട്ടുമെന്റുകൾ മുഖാന്തിരം സ്പെഷ്യാലിറ്റി സേവനവും രണ്ട് ഡിപ്പാർട്ടുമെന്റുകൾ കാർഡിയോളജി, നെഫ്രോളജി ഡിപ്പാർട്ടുമെന്റുകൾ മുഖാന്തിരം സൂപ്പർ സ്പെഷ്യാലിറ്റി സേവനവും ഇവിടെ നൽകുന്നുണ്ട്. കാത്ത് ലാബ്, എക്സ്റേ ലാബ്, സി.റ്റി സ്കാനിംഗ്, ഫാർമസി എന്നിവയുടെ സേവനം 24 മണിക്കൂറും നൽകുന്നുണ്ട്. തിങ്കൾ, വ്യാഴം, ദിവസങ്ങളിൽ കാർഡിയോളജി ഒ.പി.യും ചൊവ്വ, വെള്ളി ദിവസങ്ങളിൽ നെഫ്രോളജി ഒ.പി.യുമാണുള്ളത്. നെഫ്രോളജി വിഭാഗത്തിൽ നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള ഒരു നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 19 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 130 രോഗികൾക്ക് ഡയാലിസിസ് സേവനവും നാലു ഷിഫ്റ്റുകളുമാണുള്ളത്. ശ്വാസ തടസ്സമുള്ള വൃക്കരോഗികൾക്ക് ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഫെമോറൽ സേവനം നെഫ്രോളജിസ്റ്റ് നേരിട്ട് നൽകുന്നുണ്ട്. വൃക്ക രോഗ നിർണ്ണയത്തിനുവേണ്ടി കിഡ്നി ബയോപ്സി ടെസ്റ്റ് നടത്തുന്നു. ഹീമോ ഡയാലിസിസ് കൂടാതെ പെരിറ്റോണിയൽ ഡയാലിസിസും ഇവിടെ ചെയ്തു വരുന്നുണ്ട്. കൺസൽറ്റന്റ് റേഡിയോ ഡയഗ്നോസിസ് -1, കാഷ്വാലിറ്റി

മെഡിക്കൽ ഓഫീസർ-2, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II-1, ഡയാലിസിസ് ടെക്നീഷ്യൻ-3, റേഡിയോഗ്രാഫർ ഗ്രേഡ് II-1, എക്സ്റേ അറ്റൻഡന്റ്-1, മോർച്ചറി ടെക്നീഷ്യൻ-1, മോർച്ചറി അറ്റൻഡന്റ്-1, മെഡിക്കൽ റെക്കോർഡ്സ് അറ്റൻഡന്റ്-1, ലാബ് ടെക്നീഷ്യൻ-1, എന്നിങ്ങനെ 13 തസ്തികകൾ ഈ ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 8 കോടി രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപയും ആശുപത്രിയുടെ കാസ്പ് ഫണ്ടിൽ നിന്നും ഏകദേശം 1 കോടി രൂപയും ഉൾപ്പെടെ 9 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടാണ് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ആധുനിക കാത്ത് ലാബ് സജ്ജമാക്കിയത്. കാത്ത് ലാബിന്റേയും സി.സി.യു.വിന്റേയും പ്രവർത്തനത്തിന്റെ ഭാഗമായി മികച്ച സേവനം ധാരാളം രോഗികൾക്ക് നൽകിവരുന്നു. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ അവിടെ ചെയ്തിട്ടുണ്ട്. 133 ഹൃദ് രോഗികൾക്ക് ഇതുവരെയായി കാത്ത് ലാബിൽ നിന്നും ചികിത്സ നൽകിയിട്ടുണ്ട്. കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചതോടെ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ് മേക്കർ ഇംപ്ലാന്റേഷൻ, തുടങ്ങി വിവിധങ്ങളായിട്ടുള്ള സേവനങ്ങൾ

നൽകുന്നുണ്ട്. പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ 58 ആൻജിയോപ്ലാസ്റ്റികളാണ് ചെയ്തിട്ടുള്ളത്. ഇതുവരെ 7415 എക്കോ ടെസ്റ്റുകളും 484 ടി.എം.ടി.യും, 43 ഹോൾട്ട് ടെസ്റ്റുകളും നടത്തിയിട്ടുണ്ട്. പി.ടി.സി.എ 58, പെരിഫറൽ പ്രൊസീജിയർ 2, പ്രൈമറി പി.ടി.സി.എ 15 എന്നിവയും നടത്തിയിട്ടുണ്ട്. കാർഡിയോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി കൺസൽറ്റന്റ് കാർഡിയോളജി-2, കൺസൽറ്റന്റ് ന്യൂറോളജി-1, കൺസൽറ്റന്റ് നെഫ്രോളജി-1, കാത്ത് ലാബ് അസിസ്റ്റന്റ് സർജൻ-1, നെഫ്രോളജി അസിസ്റ്റന്റ് സർജൻ-1, എന്നിങ്ങനെ 6 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഇവിടെയുള്ള കാർഡിയോളജിസ്റ്റ്, ഇതേ ആശുപത്രിയിലെ മെഡിസിനിലെ കൺസൽറ്റന്റാണ്. അദ്ദേഹത്തിന് കാർഡിയോളജിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബിരുദമുണ്ട്, അദ്ദേഹത്തെ കാത്ത് ലാബിലേക്ക് നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ മറ്റൊരു അസിസ്റ്റന്റ് സർജൻ അദ്ദേഹത്തിനും സൂപ്പർ സ്പെഷ്യാലിറ്റി ബിരുദമുള്ള ആളാണ്, അദ്ദേഹത്തേയും കാത്ത് ലാബിലേക്ക് നിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തസ്തികളിലേക്കുള്ള സ്ഥിര നിയമനം, തസ്തിക സൃഷ്ടിക്കുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(10) <u>കുന്നംകുളം താലൂക്ക് ആശുപത്രിയുടെ വികസനം</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പ്രതിദിനം നൂറുകണക്കണിന് രോഗികൾ എത്തിച്ചേരുന്ന ഒരാശുപത്രിയാണ് കുന്നംകുളം താലൂക്കാശുപത്രി. സമീപ ജില്ലകളായ പാലക്കാട്, മലപ്പുറം എന്നിവയുമായി അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ പ്രസ്തുത പ്രദേശങ്ങളിൽനിന്നുകൂടി രോഗികൾ ഈ ആശുപത്രിയെ ആശ്രയിക്കാറുണ്ട്. ഇവിടെനിന്നും 30 കി. മീ. അകലെയാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. കുന്നകുളം താലൂക്കാശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ KIIFB-ൽനിന്നും ചെയ്യുന്നതിനുള്ള വകുപ്പിന്റെ ഭരണാനുമതി 2020 ഫെബ്രുവരി മാസത്തിൽ ലഭ്യമായതും INKEL Ltd-നെ എസ്.പി.വി. (Special Purpose Vehicle) -ആയി ചുമതലപ്പെടുത്തിയതുമാണ്. INKEL, ഡി.പി.ആർ. സമർപ്പിച്ചശേഷം KIIFB നാല് തവണ അവലോകനയോഗം ചേർന്നെങ്കിലും, KIIFB -യിൽനിന്നുള്ള അനുമതി ലഭ്യമാക്കി നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞ രണ്ടുവർഷക്കാലമായിട്ടും സാധിച്ചിട്ടില്ല. പ്രസ്തുത കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്നും KIIFB പദ്ധതിയിൽ

ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ആശുപത്രിയുടെ സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും വികസിപ്പിക്കാനാവശ്യമായ പദ്ധതി വളരെപെട്ടെന്നുതന്നെ ആരംഭിക്കണമെന്നുമുള്ള ആവശ്യം ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കുന്നംകുളം നിയോജകമണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾക്ക് KIIFB മുഖാന്തിരം പണമനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത് 2017 -ലും ഭരണാനുമതി ലഭ്യമാക്കിയത് 2019 -ലുമാണ്. 124 കിടക്കകളോടുകൂടിയ ചികിത്സാ സൗകര്യ ലഭ്യതയുള്ള ഇവിടെ ദിവസേന ശരാശി 1100 -ൽഅധികം ആളുകൾ ഔട്ട്-പേഷ്യന്റായും 120 -ഓളം ആളുകൾ ഇൻ-പേഷ്യന്റായും ചികിത്സയ്ക്കായി എത്തുന്നുണ്ട്. ആശുപത്രിയിൽ ഒരു മാസം ശരാശരി 120 പ്രസവം, ഗൈനക്കോളജി വിഭാഗത്തിൽ 80 മേജർ സർജറി, സർജറി വിഭാഗത്തിൽ 10 മൈനർ സർജറി, ഇ.എൻ.ടി വിഭാഗത്തിൽ 30 മേജർ സർജറി, 40 മൈനർ സർജറി തുടങ്ങിയവും സാധാരണയായി അവിടെ നടന്നുവരുന്നുണ്ട്. പീഡിയാട്രിക്

വിഭാഗത്തിലും നേത്ര വിഭാഗത്തിലും ജനറൽ മെഡിസിൻ വിഭാഗത്തിലും നിരവധിയാളുകൾ ദിവസേന ചികിത്സയ്ക്കായി പ്രസ്തുത ആശുപത്രിയെ ആശ്രയിക്കാറുണ്ട്. നിലവിൽ 24 രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സേവനവും ഇവിടെ ലഭ്യമാണ്. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പെയിൻ ആന്റ് പാലിയേറ്റീവ് കെയറിനുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1 കോടി 10 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും ചെലവഴിച്ചുകൊണ്ട് പേവാർഡ് സൗകര്യത്തിനുള്ള നിർമ്മാണപ്രവൃത്തികളും നടക്കുന്നുണ്ട്. കുന്നംകുളം താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് KIIFB ധനസഹായത്തോടെയുള്ള നിർമ്മാണപ്രവൃത്തികളുടെ എസ്.പി.വി.യായി INKEL -നെ തിരഞ്ഞെടുത്തത് 2019 -ലാണ്. 97 കോടി 12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. INKEL സമർപ്പിച്ച റിപ്പോർട്ടിന്മേൽ Technical, Structural design അവലോകനം നടന്നുവരുന്നതായി KIIFB റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ഡി.പി.ആർ. KIIFB -യുടെ

പരിഗണനയിലാണുള്ളത്. KIIFB -യുടെ ഡിസൈൻ അവലോകന വിഭാഗം ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചുകൊണ്ട് തിരുത്തൽ വരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട്, അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെ INKEL, KIIFB-യ്ക്ക് സമർപ്പിച്ചുകഴിഞ്ഞതാണ്. KIIFB-യുടെ പരിശോധനയിൽ പ്രസ്തുത കാര്യങ്ങൾ പൂർണ്ണമായും തൃപ്തികരമല്ലെന്ന് കാണുകയും അതിന്റെയടിസ്ഥാനത്തിൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും KIIFB-യുടെ GRIHA (Green Rating for Integrated Habitat Assessment) മാനദണ്ഡങ്ങൾക്കനുസൃതമായി സ്ട്രക്ചറൽ ഡിസൈൻ, അനുബന്ധ ഡ്രോയിംഗുകൾ, പുതുക്കിയ എസ്റ്റിമേറ്റ് എന്നിവയുൾപ്പെടെ സമർപ്പിക്കാൻ എസ്.പി.വി.യായ INKEL-നോട് നിർദ്ദേശിക്കുകയും ആയതിന് നൽകിയ മറുപടി പരിശോധിച്ചുവരികയും ചെയ്യുകയാണെന്നാണ് KIIFB അറിയിച്ചിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് KIIFB-യുടെ GRIHA മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി അടുത്ത് ചേരാൻപോകുന്ന KIIFB -യുടെ ബോർഡ്/എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതും പദ്ധതിയുടെ ധനകാര്യാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്ന് KIIFB

റിപ്പോർട്ടുചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭരണാനുമതി ലഭിച്ച് നാലും അഞ്ചും വർഷമായിട്ടും തുടങ്ങാത്ത പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട എസ്.പി.വി.കളെ പ്രത്യേകമായി വിളിച്ചുവരുത്തുകയും നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടികൾ അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ലെന്ന സർക്കാരിന്റെ നിലപാട് കർശനമായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. സമയക്രമം നിശ്ചയിച്ച് അതിനനുസൃതമായി പ്രവർത്തിക്കുന്നില്ലെങ്കിൽ നിലവിലെ ഉത്തരവ് റദ്ദാക്കി പ്രവൃത്തികൾ മറ്റ് എസ്.പി.വി.-കളെ ഏൽപ്പിക്കുന്ന കാര്യവും മേൽസൂചിപ്പിച്ച യോഗത്തിൽ അറിയിച്ചിട്ടുണ്ട്. KIIFB -യുടെ പരിശോധനാ നടപടികൾക്ക് അനുസൃതമായി എസ്.പി.വി.-കൾ അവരുടെ പ്ലാനും എസ്റ്റിമേറ്റും KIIFB -യുടെതന്നെ മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി ആരോഗ്യ വകുപ്പിന്റെതന്നെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച്, ചെക്ക് ലിസ്റ്റ് തയ്യാറാക്കിക്കൊണ്ട് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.